**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2702** **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനായി നടത്തിവരുന്ന പദ്ധതികൾ ലക്ഷ്യ പ്രാപ്തിയിൽ എത്താത്തതിന്റെ കാരണം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ ആരോഗ്യസംരക്ഷണത്തിനായി നടത്തി വരുന്ന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്താത്തതായി കണ്ടെത്തിയിട്ടില്ല. പട്ടിക വർഗ്ഗക്കാരുടെ ആരോഗ്യസംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തി വരുന്ന ചികിത്സാ ധനസഹായം ഉൾപ്പെടെയുള്ള വിവിധപദ്ധതികൾ ട്രൈബൽ എക്സ്റ്റൻഷൻഓഫീസർമാർ, എസ്.റ്റി പ്രൊമോട്ടർമാർ എന്നിവർ മുഖേന എല്ലാ പട്ടികവർഗ്ഗവിഭാഗക്കാരിലേക്കും എത്തിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട് |
| (ബി) | പ്രസ്തുത വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനും വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനും പട്ടികവർഗക്കാരായ ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ഉറപ്പ് വരുത്തുന്നതിലേയ്ക്കായി പ്രതിമാസം 2000/- രൂപ വീതം പരമാവധി 18 മാസത്തേയ്ക്ക് ജനനി ജന്മരക്ഷ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നു. കൂടാതെ ഭക്ഷ്യസുരക്ഷാ പദ്ധതിയും അട്ടപ്പാടി മേഖലയിൽ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. |
| (സി) | പ്രാക്തന ഗോത്രങ്ങളിൽപ്പെട്ടവരുടെ ഇടയിലെ രോഗാതുരതയും മരണനിരക്കും കുറയ്ക്കുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഉള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ? | (സി) | പ്രാക്തന ഗോത്രങ്ങളിൽപ്പെട്ടവരുടെ ഇടയിലെ രോഗാതുരതയും മരണനിരക്കും കുറയ്ക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി<br><br>2. അരിവാൾ രോഗികൾക്ക് ധനസഹായം<br><br>3. ജനനി ജന്മരക്ഷ<br><br>4. സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ |

| | | | |
|---|---|---|---|
| | | | ടി വിഭാഗങ്ങളുടെ ദാരിദ്രനിർമ്മാർജ്ജനത്തിനായി അടിയ പണിയ പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാർ-വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി, ഭക്ഷണത്തിനുള്ള സഹായം/ഭക്ഷ്യസുരക്ഷയ്ക്കുള്ള പരിപാടി തുടങ്ങിയ പദ്ധതികളിലൂടെ സഹായം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ